(ബി) ഇതിനുപകരം ഏർപ്പെടുത്തുന്ന പദ്ധതി എന്താണ് ;

(സി) അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) :

(എ&ബി) 16-1-2002-ലെ സർക്കാർ ഉത്തരവ് (പി)56/02/ധന ഉത്തരവിലെ ഖണ്ഡിക 16 പ്രകാരം പുതുതായി സർക്കാർ സർവ്വീസിലും/പെൻഷൻ പദ്ധതി നിലവിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിലും ജോലിയിൽ പ്രവേശിക്കുന്നവർക്ക് കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീം നടപ്പിലാക്കുവാൻ നയപരമായി തീരുമാനമെടുത്തിട്ടുണ്ട്. അതിന് മുമ്പേ സർവ്വീസിൽ ഉണ്ടായിരുന്നവർക്ക് നിലവിലുള്ള പെൻഷൻ പദ്ധതിയിൽ മാറ്റം വരുത്തുവാൻ ആലോചിക്കുന്നില്ല.

(സി) കേന്ദ്രസർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയുടെ വിശദാംശങ്ങൾ അറിഞ്ഞശേഷം ഒരു തീരുമാനം എടുക്കുവാൻ ഉദ്ദേശിക്കുന്നു.

ആദിവാസികൾക്ക് വനം കയ്യേറ്റക്കാരിൽനിന്നും സംരക്ഷണം

19 (*374) പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. എം. മുരളി :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനത്തിൽ കയ്യേറ്റം നടത്തുകയോ വനസമ്പത്ത് അനധികൃതമായി നശിപ്പിക്കുകയോ ചെയ്യുന്നവരെപ്പറ്റി വിശദവിവരം നൽകുന്ന ആദിവാസികൾക്ക് ഏതെല്ലാം വിധത്തിലുള്ള സംരക്ഷണം നിലവിൽ നൽകുന്നുണ്ട് ;

(ബി) ഇത്തരത്തിലുള്ള വിവരം നൽകുന്നവരെ കയ്യേറ്റക്കാർ ക്രൂരമായി മർദ്ദിച്ചാൽപോലും അവർക്ക് വേണ്ടത്ര സംരക്ഷണം നൽകാത്ത അവസ്ഥ നിലവിലുണ്ടോ ;

(സി) ഇത് സംബന്ധിച്ച ആദിവാസികളുടെ പരാതികൾക്ക് അടിയന്തിര പരിഹാരം ഉണ്ടാക്കുമോ ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) :

(എ) ഇത്തരം വിവരം നൽകുന്ന ആദിവാസികളുടെ പേരുവിവരം അതീവരഹസ്യമായി സൂക്ഷിക്കുകയും പോലീസ് സംരക്ഷണം ആവശ്യമെന്നു കാണുന്ന സന്ദർഭങ്ങളിൽ ഇവർക്ക് പോലീസ് സംരക്ഷണം നൽകുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) ഇത്തരത്തിൽ പരാതികൾ ലഭിച്ചിട്ടില്ല. പരാതികൾ ലഭിച്ചാൽ അവ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

വനങ്ങളിൽ ക്ലിയർ ഫെല്ലിംഗും സെലക്ഷൻ ഫെല്ലിംഗും നിർത്തിവയ്ക്കാനുണ്ടായ കാരണം

20 (*375) ശ്രീ. എം. കുമാരൻ :
ശ്രീ. ബിനോയ് വിശ്വം :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനങ്ങളിൽ ക്ലിയർ ഫെല്ലിംഗും സെലക്ഷൻ ഫെല്ലിംഗും നിർത്തൽ ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നിർത്തൽ ചെയ്തതെപ്പോഴാണ് ; നിർത്തിവയ്ക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ ;

(സി) സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ക്ലിയർ ഫെല്ലിംഗും സെലക്ഷൻ ഫെല്ലിംഗും വീണ്ടും ആരംഭിക്കുന്നതിനുദ്ദേശ്യമുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എപ്പോൾ മുതൽ പുനരാരംഭിക്കുമെന്ന് പറയാമോ ;

(ഇ) പ്രസ്തുത നടപടിയിൽനിന്നും എന്തുമാത്രം വരുമാനം പ്രതീക്ഷിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) :

(എ) ഉണ്ട്.

(ബി) ക്ലിയർ ഫെല്ലിംഗും സെലക്ഷൻ ഫെല്ലിംഗും 1987-ലാണ് നിർത്തലാക്കിയത്. എന്നാൽ നിത്യഹരിത വനങ്ങൾ(Evergreen Forests) അർദ്ധ ഹരിത വനങ്ങൾ (Semi Evergreen Forests) വന്യമൃഗസങ്കേതങ്ങൾ (Crame Sancturies) എന്നിവിടങ്ങളിൽ 1981-ൽ തന്നെ ക്ലിയർ ഫെല്ലിംഗ് നിർത്തലാക്കിയിരുന്നു.

വനത്തിലെ ജീവജാലങ്ങൾക്കും സസ്യജാലങ്ങൾക്കും ഹാനികരമായതിനാലും വനങ്ങൾ നശിക്കാതെ സംരക്ഷിക്കേണ്ടവയാണെന്നുള്ള അവബോധവുമാണ് ഇവ രണ്ടും നിർത്തലാക്കാൻ കാരണമായത്.

(സി) സ്വാഭാവിക വനങ്ങളിൽ ക്ലിയർ ഫെല്ലിംഗും സെലക്ഷൻ ഫെല്ലിംഗും നടത്താൻ ഉദ്ദേശിക്കുന്നില്ല.

(ഡി&ഇ) ഉത്തരം (സി) യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly